**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1430** **18-01-2021 - ൽ മറുപടിയ്ക്ക്**

**വെള്ളായണി കായൽ പ്രദേശത്തെ കൃഷിയോഗ്യമല്ലാത്ത ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | Shri E. Chandrasekharan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി) | |
| (എ) | വെള്ളായണി കായൽ പ്രദേശത്തു കർഷകർക്ക് കൃഷി ചെയ്യാൻ കഴിയാത്ത ഭൂമി ഏറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട റവന്യൂ ബി3/568/2018/ തീയതി 2/12/2020 പ്രകാരം ഏതൊക്കെ നടപടികൾ ആണ് പൂർത്തീകരിച്ചത് എന്ന് വിശദമാക്കാമോ; | (എ) | വെള്ളായണി കായലിലെ ജലവിതാനത്തിനടിയിൽപ്പെട്ടുപോയ കല്ലിയൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 27, 28 വെങ്ങാനൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 30 എന്നിവയിൽപ്പെട്ട പട്ടയഭൂമിയുടെ ഉടമസ്ഥരായ കർഷകരുടെ നഷ്ടപരിഹാരം നൽകുന്നതിനായി ഓരോ ഭൂവുടമയുടെയും കൈവശമുള്ള ഭൂമിയുടെ സ്ഥലവില നിശ്ചിത പ്രൊഫോർമയിൽ അടിയന്തിരമായി ലഭ്യമാക്കുവാൻ 02/12/2020-ലെ ബി3/568/2018/ റവന്യൂ നമ്പർ കത്ത് പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും, ആയതിന്റെ അടിസ്ഥാനത്തിൽ 08/01/2021 ലെ ബി12-19196/2006 നമ്പർ കത്ത് പ്രകാരം പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കുവാൻ ജില്ലാ കളക്ടർ ഭൂരേഖ തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ജലവിഭവ വകുപ്പിന് കൈമാറുന്നതും, ആയതിന്മേൽ ജലവിഭവ വകുപ്പ് ഭരണാനുമതി പുറപ്പെടുവിച്ച് സ്ഥല വില അംഗീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ SLEC മുമ്പാകെ അവതരിപ്പിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഭൂമി ഏറ്റെടുക്കലിന് എത്ര കോടിരൂപയാണ് വകയിരുത്തിയത് എന്ന് വിശദമാക്കാമോ; | (ബി) | ഭൂമി ഏറ്റെടുക്കുന്നതിന് തുക അനുവദിച്ചിട്ടില്ല. |
| (സി) | ഭൂമി ഏറ്റെടുക്കൽ നടപടി ഏതു വർഷത്തിൽ ആണ് റവന്യൂ വകുപ്പ് ഏറ്റെടുത്തത് എന്ന് വ്യക്തമാക്കാമോ; | (സി) | ഭൂമി ഏറ്റെടുക്കൽ നടപടി സംബന്ധിച്ച് ഈ വകുപ്പിൽ നിന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല |
| (ഡി) | വെള്ളായണി കായൽ പ്രദേശത്തെ കർഷകരുടെ നിവേദനം പരിഗണിച്ച് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ എടുത്ത തീരുമാനം എന്തെന്ന് വ്യക്തമാക്കാമോ? | (ഡി) | 16/05/2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു. (1) വെള്ളായണി കായൽ പ്രദേശത്ത് വെള്ളം മൂടിക്കിടക്കുന്ന കർഷകരുടെ പട്ടയ ഭൂമി ഏറ്റെടുക്കാൻ യോഗത്തിൽ തീരുമാനിച്ചു. (2) ഇതിനായി ജില്ലാ കളക്ടർ സ്ഥലം |

| | | | |
|---|---|---|---|
| | | | സർവ്വേ ചെയ്ത് ഭൂമി കൈവശം വച്ചിരിക്കുന്ന കർഷകരുടെ പട്ടിക തയ്യാറാക്കി ജലവിഭവ വകുപ്പിന് ലഭ്യമാക്കേണ്ടതാണ്. (3) പ്രസ്തുത ഭൂമി സർവ്വേ ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ന്യായമായ വില നൽകി സ്ഥലം ഏറ്റെടുക്കുന്ന വിഷയത്തിൽ ജലവിഭവ വകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കേണ്ടതാണ്. (4)വ്യക്തമായ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ഡി.എൽ.എഫ്.സി കൂടി ന്യായമായ സ്ഥല വില നിശ്ചയിക്കേണ്ടതും ഡി.എൽ. എഫ്.സി റേറ്റ് റവന്യൂ വകുപ്പിന് കൈമാറുന്ന മുറയ്ക്ക് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എസ്.എൽ.ഇ.സി മുമ്പാകെ അവതരിപ്പിച്ച് സ്ഥല വില നിർണ്ണയിക്കേണ്ടതുമാണ്. (5) സ്ഥല വില നിർണ്ണയിച്ചതിന് ശേഷം ഭരണ വകുപ്പായ ജല വിഭവ വകുപ്പ് ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് അക്വിസിഷന് വേണ്ടി വരുന്ന തുക ലഭ്യമാക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ